# സഭയുടെ ഉൽപ്രാപണം

കെ. എം. മത്തായി ഭോപ്പാൽ

ഈ പ്രവചന കോൺഫറൻസിൻെറ ഉദ്ദേശ്യം ഭാവിയിൽ സംഭവിക്കുമെന്നു ദൈവവചനമായ ബൈബിളിൽ പ്രവചിച്ചിരിക്കുന്ന മഹൽകാര്യങ്ങളെ (Eschatology-യെ) ചർച്ചചെയ്യുകയാണല്ലോ. അവയിൽ ഇനി പ്രഥമമായി നിറവേറേണ്ടതും, ഭൂതലമാകെ ഇളക്കപ്പെരുക്കം ഉളവാകുന്നതുമായ ഒരു നിശ്ചിതസംഭവമത്രേ ഉൽപ്രാപണം.

## I. ഉൽപ്രാപണത്തിൻെറ യുഗങ്ങളിലെ സ്ഥാനം

ദൈവം മനുഷ്യനോട് ഇടപെടുന്ന രീതി ഭിന്നമായിക്കാണുന്നു. ഇടപെടലിൻെറ സ്വഭാവവ്യത്യാസം ആസ്പദമാക്കി സമയത്തെയും വകതിരിച്ച് അപഗ്രഥനംചെയ്താൽ യുഗങ്ങളുടെ പഠനമായി. ചില സഹസ്രാബ്ദങ്ങൾക്കുമുമ്പ് ദൈവം മനുഷ്യനെ രണ്ടായി തിരിച്ചു. മനുഷ്യൻ തൻെറ കൈവേലയേയും സൃഷ്ടിയിലെ വസ്തുക്കളേയും പൂജിക്കുവാൻ തുടങ്ങി. സ്രഷ്ടാവിനോടുള്ള ഭക്തിയാദരവുകൾ നഷ്ടപ്പെട്ടപ്പോൾ, അതിനിഷ്ടമില്ലാതിരുന്ന അബ്രാഹാമിനെ അവരുടെ മദ്ധ്യേനിന്നും വിളിച്ചിറക്കി. മേൽത്തരമായ ഒരു ദേശവും മികച്ച ഒരു നിയമവും അവനും അവൻെറ സന്തതികൾക്കും നൽകി. ആ അബ്രാഹാമ്യസന്തതിയായ യിസ്രായേലിനോടു ദൈവം ചെയ്ത നിയമം സ്ഥായിയായതത്രേ. പക്ഷേ, അവർക്കായി വന്ന മശിഹായെ അവർ തിരസ്കരിച്ചതുമുതൽ ഇനി സ്വീകരിക്കുന്നതുവരെ ദൈവം അവരോടുള്ള ഇടപാടു നിറു

ത്തിവച്ചിട്ട്, യഹൂദന്മാരുടെ വിവിധ ജാതികളിൽനിന്നു് തന്റെ മശിഹായെ അംഗീകരിക്കുന്ന ഒരു സമൂഹത്തെ വേർതിരിപ്പാൻ ഒരു കാലം ഇടക്കുചേർത്തു. ഈ സമൂഹം സഭയും, ഈ ഇടക്കാലം സഭായുഗവുമായി നാം വിവക്ഷിച്ചുപോരുന്നു.

മത്തായിയുടെ സുവിശേഷം 12—ാം അദ്ധ്യായത്തിൽ മശിഹാ ത്യജിക്കപ്പെടുന്നു. തൽഫലമായി 13—ൽ "വ്യഭിചാരവും ദോഷവുമുള്ള തലമുറ" എന്നു മശിഹാ അവരെ വിധിച്ചു് ന്യായവിധി അവരുടെമേൽ ഉച്ചരിച്ചു. ദൈവരാജ്യം ഒരു മർമ്മമായി പരിണമിച്ചു എന്നു് ഉപമയിൽകൂടെ അവരെ അറിയിച്ചു. മത്താ. 16—ൽ ക്രിസ്തു തന്റെ പുതിയ പദ്ധതി പ്രഖ്യാപനംചെയ്തു:—"ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും". സ്വർഗ്ഗരാജ്യം എന്ന പുതിയ സംവിധാനത്തിന്റെ താക്കോൽ പത്രോസിനെ ഏല്പിച്ചു. താൻ രാജാവെന്നും സ്വർഗ്ഗരാജ്യം സമീപമായെന്നും ഉള്ള പ്രസംഗം തൽക്കാലം നിറുത്തി. താൻ യെരുശലേമിൽ കൊല്ലപ്പെടുകയും ഉയിർത്തെഴുന്നേൽക്കയുംവേണം എന്നു പ്രസ്താവിച്ചുതുടങ്ങി. "രണ്ടോമൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ടു്". ഇതായി പുതിയ സമീപനം. ഇതു മത്താ. 18:20—ൽ കാണാം.

"എന്റെ സഭയെ പണിയും"എന്നു ഭാവികാലത്തിൽ പറയപ്പെട്ട സഭ ഏറെത്താമസിയാതെ പെന്തെക്കോസ്തുനാളിൽ രൂപം എടുത്തു. ഈ സത്യം ഗ്രഹിച്ച പൌലോസ്, തന്മൂലം എഴുതി:—"യഹൂദന്മാരോ, യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ നാം എല്ലാവരും ഏകശരീരമാകുമാറു് ഒരേ ആത്മാവിൽ സ്നാനമേറ്റു...." (1 കൊരി. 12:13). അങ്ങനെ സഭയും സഭാകാലയളവും കൈവന്നു; നാം ഭാഗ്യവശാൽ അതിൽ ജീവിക്കുന്നു. ആത്മാവിനാൽ ദൈ

വമന്ദിരമായ ഈ ആത്മീയസൗധം പണിയപ്പെട്ടുകൊണ്ടിരിക്കുന്നു.

പെമ്പർ എന്ന എഴുത്തുകാരൻ പറയുന്നതു്:—"സഭാസമയങ്ങറം 5—ാംയുഗത്തിന്റെ ഒരു ഭാഗമായി യോജിക്കുന്നില്ല. യഹൂദന്മാരുടെ അഭക്തിമൂലം അതിനകത്തുവച്ചു് ചേർത്തിരിക്കുന്ന ഒരു സമയമത്രേ അതു്. യിസ്രായേലിനെപ്പോലെ ഭൗമികമായ ഒരു ജനത്തെയല്ല, ഇന്നു സ്വർഗ്ഗീയമായ ഒരു ഗണത്തെയത്രേ സജ്ജമാക്കുന്നതു്".

സ്വന്തമായവർ കൈക്കൊള്ളാഞ്ഞപ്പോറം തന്നിൽ വിശ്വസിച്ച ഈ സമ്മിശ്രജാതിയോടു്, മുമ്പുള്ള ഭക്തരോടുള്ളതിലധികം വിശേഷതരമായ ഒരു ബന്ധമത്രേ ക്രിസ്തു പുലർത്തുന്നതു്. "ദൈവം തന്റെ നാമത്തിന്നായി ജാതികളിൽനിന്നു് ഒരു ജനത്തെ എടുത്തുകൊറംവാൻ ആദ്യമായിട്ടു കടാക്ഷിച്ചു" ഈ കാലം അതിരററ ദൈവകൃപയുടെ കാലമത്രേ (അപ്പോ. 15:14; എഫെ. 2:7). ക്രിസ്തു കാന്തൻ, സഭ കാന്ത—ഈ ഹൃദയസ്പർശകമായ സ്നേഹബന്ധം സഭയെ തേജസ്സേറിയ ഒരു സ്വർഗ്ഗീയദശയിൽ എത്തിച്ചിട്ടു് ഇഹത്തിൽനിന്നു് നീക്കംചെയ്യും.

പ്രസ്തുത നീക്കം മദ്ധ്യാകാശത്തിലേക്കും, പിന്നെ പിതൃസന്നിധിയിലേയ്ക്കും ഉള്ള എടുക്കപ്പെടൽ അത്രേ. അതാണു് ഉൽപ്രാപണം. ക്രിസ്തുസഭയ്ക്കുള്ള അത്യാനന്ദകരമായ ഒരു ഉന്നതവിളിയത്രേ ഇതു്. പാപപങ്കിലമായ ഈ ദുഷ്ടലോകത്തിൽനിന്നു കാന്തയെ വിളിച്ചുചേർക്കും. ഇതോടുകൂടെ സഭായുഗം അവസാനിപ്പിക്കും.

സഭയുടെ ഉൽപ്രാപണം നീളെനീളെക്കിടക്കുന്ന യുഗങ്ങളിൽ എവിടെയായിരിക്കും എന്നു സമയനിർണ്ണയം ചെയ്ക ഒരളവിൽ സാദ്ധ്യമാണു്. സഭാപരിപാടി അവസാനിപ്പിച്ചു് യിസ്രായേലിനോടുള്ള ഇടപാടു് ഇനി എ

ന്നു തുടങ്ങുമെന്നു പരിശോധിച്ചാൽ മതിയാകും. ദാനി. 9-ലെ വെളിപ്പാടു നോക്കുക. ദാനിയേലിനെ സമാശ്വസിപ്പിച്ചുകൊണ്ടു ദൈവം പറഞ്ഞതു്; ദാനി. 9:24–27:–

1) "അതിക്രമത്തെ തടസ്സംചെയ്തു പാപങ്ങളെ മുദ്രയിടുവാനും, അകൃത്യത്തിന്നു പ്രായശ്ചിത്തം ചെയ്തു നിത്യനീതി വരുത്തുവാനും...... അതിപരിശുദ്ധമായതിനെ അഭിഷേകം ചെയ്യുവാനും തക്കവണ്ണം

2) നിന്റെ ജനത്തിന്നും വിശുദ്ധനഗരത്തിന്നും എഴുപതു് ആഴ്ചവട്ടം നിയമിച്ചിരിക്കുന്നു.

3) യെരുശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാൻ കല്പന പുറപ്പെടുന്നതു മുതൽ അഭിഷിക്തനായോരു പ്രഭുവരെ ഏഴു് ആഴ്ചവട്ടവും അറുപത്തിരണ്ടു് ആഴ്ചവട്ടവും; അതിനെ വീഥിയും കിടങ്ങുമായി കഷ്ടകാലങ്ങളിൽ തന്നെ വീണ്ടും പണിയും.

4) അറുപത്തിരണ്ടു് ആഴ്ചവട്ടം കഴിഞ്ഞിട്ടു് അഭിഷിക്തൻ ഛേദിക്കപ്പെടും .......

5) പിന്നെ വരുവാനിരിക്കുന്ന പ്രഭുവിന്റെ പടജ്ജനം നഗരത്തേയും വിശുദ്ധമന്ദിരത്തേയും നശിപ്പിക്കും. അവന്റെ അവസാനം ഒരു പ്രളയത്തോടെ ആയിരിക്കും ........ശൂന്യങ്ങളും നിയമിക്കപ്പെട്ടിരിക്കുന്നു. അവൻ ഒരു ആഴ്ചവട്ടത്തേക്കു പലരോടും നിയമത്തെ കഠിനമാക്കും (ഉറപ്പിക്കും); ആഴ്ചവട്ടത്തിന്റെ മദ്ധ്യേ അവൻ ഹനനയാഗവും ഭോജനയാഗവും നിർത്തലാക്കിക്കളയും; മ്ലേച്ഛതകളുടെ ചിറകിന്മേൽ ശൂന്യമാക്കുന്നവൻ വരും. നിർണ്ണയിക്കപ്പെട്ടിരിക്കുന്ന സമാപ്തിയോളം ശൂന്യമാക്കുന്നവന്റെമേൽ കോപം ചൊരിയും".

ഇവയിൽ (1) എന്നു നമ്പരിട്ടു കാണിച്ചിരിക്കുന്ന ഭാഗം യഹൂദനെ സംബന്ധിച്ചുള്ളതാണു്. ഇന്നും നിറവേറിയിട്ടില്ല;

2) എന്ന അക്കം ഇട്ടിരിക്കുന്നതു് 70 ആഴ്ചവട്ടത്തെ കുറിച്ചുള്ളതാണ്. അതു സഭയ്ക്കുള്ളതല്ല; യിസ്രായേലിനുള്ളതാണ്.

3) എന്നു് അക്കമിട്ടതിൽ കല്പന പുറപ്പെട്ടതു് നെഹെ. 2-ലെ കല്പനയാണ്. അതു് നീസാൻ മാസത്തിലാണ്. അതു് B. C. 445 മാർച്ചു് 14-ാം തീയതി എന്നു കണക്കാക്കപ്പെടുന്നു. അന്നു മുതൽ A. D. 32 ഏപ്രിൽ 6-നാണ് നമ്മുടെ കർത്താവു് യെരുശലേമിലേക്കു ഘോഷയാത്ര പോയതു്. B. C. 445 മാർച്ചു് 14 മുതൽ A. D. 32 ഏപ്രിൽ 6 വരെ കൃത്യമായി 173,880 ദിവസങ്ങളാണ്. പ്രവചനവർഷം 360 ദിവസങ്ങളാണല്ലോ. 173,880 ഭാഗം 360 = 483 വർഷങ്ങൾ.

4) എന്ന അക്കം ഇട്ടു് എഴുതിയിരിക്കുന്നതുപോലെ ഘോഷയാത്ര കഴിഞ്ഞിട്ടു് കർത്താവു ക്രൂശിക്കപ്പെട്ടു.

5)-ൽ പിന്നെ എന്നു പറഞ്ഞിരിക്കുന്നതുപോലെ A. D. 70-ൽ യെരുശലേം നശിപ്പിക്കപ്പെട്ടു. ശൂന്യമാക്കുന്ന മ്ലേച്ഛത നിൽക്കുന്നതു് കർത്താവു ഭൂമിയിൽ വന്നിട്ടും നിറവേറിയില്ലാ എന്നു് മത്താ. 24:15-ലെ കർത്താവിന്റെ വാക്കുകൊണ്ടു മനസ്സിലാക്കാം.

ആകയാൽ 69-ാം ആഴ്ചവട്ടത്തെ തുടർന്നു് 70-ാം ആഴ്ചവട്ടം ആരംഭിക്കേണ്ടതല്ലെന്നും 69-നും 70-നും ഇടയിൽ മററു ചില കാര്യങ്ങൾ സംഭവിച്ചേ മതിയാകുകയുള്ളൂ എന്നും സ്പഷ്ടം. 69-നും 70-നും ഇടയ്ക്കുള്ള ഇടക്കാലമത്രെ ഇന്നു നാം ജീവിക്കുന്ന സഭായുഗം.

ഒടുവിലത്തെ ഒരു ആഴ്ചവട്ടത്തിന്റെ കാര്യം ദാനി. 9:27-ൽ പറയുന്നു. ആ ഏഴു കൊല്ലത്തെക്കുറിച്ചു വെളിപ്പാടിലും കാണുന്നു.

1) രണ്ടു സാക്ഷികളുടെ കാലം 1260 ദിവസം = 42 മാസം = മൂന്നരക്കൊല്ലം (വെളി. 11:3).

2) അന്തിക്രിസ്തു വമ്പും ദൂഷണവും പറയുന്ന കാലം 42 മാസം = മൂന്നരകൊല്ലം (വെളി. 13:5).

അങ്ങനെ, മൂന്നര + മൂന്നര = ഏഴ് കൊല്ലം കൃത്യമായി ക്കാണാം.

ദാനിയേൽ പറഞ്ഞ "ശൂന്യതയും", യോഹന്നാൻ മുൻകണ്ട 7 വർഷക്കാലത്തെ മഹോപദ്രവവും വിനാശവും ഒന്നുതന്നെ. ആകയാൽ 70–ാം ആഴ്ചവട്ടം സ്ഥിതിചെയ്യുന്നതു് വെളി. 4—19 വരെയുള്ള അദ്ധ്യായങ്ങളിലെന്നു സ്പഷ്ടം. അക്കാലത്തു യഹോവ ന്യായംവിധിച്ചു യിസ്രായേലിൽനിന്നു് അഭക്തിയെ മാററിക്കൊണ്ടു് അവരോടു് ഇടപെടും.

ദാനിയേലിൻെറ 69 ആഴ്ചവട്ടങ്ങൾക്കശേഷം നാം കണ്ട ഇടക്കാലത്തു് ആരംഭിച്ച സഭ, ഇനി 70–ാം ആഴ്ചയിൽ ദാനിയേലിൻെറ ജനത്തോടുള്ള ദൈവീകവ്യവഹാരം ആരംഭിക്കും മുമ്പേ രംഗത്തുനിന്നു മാററപ്പെടേണ്ടതു് അത്യന്താപേക്ഷിതമത്രേ. അതായതു് വെളി. 4–ാം അദ്ധ്യായം ആരംഭിക്കും മുമ്പെ സഭയെ എടുത്തുകൊള്ളുക എന്ന ഉൽപ്രാപണ മഹൽസംഭവം നടക്കേണ്ടതാകുന്നു.

## 2. ഉൽപ്രാപണം എന്ന പദത്തിൻെറ അർത്ഥം

ഉത് + പ്രാപണം = ഉയരത്തിലേയ്ക്കുള്ള പ്രാപണം.

"ഉൽപ്രാപണം" എന്ന ശബ്ദം ബൈബിളിലില്ല എന്നതിൽ ആശ്ചര്യംകൂടേണ്ടാ. തുല്യമായ "എടുക്കപ്പെടൽ" എന്ന പദം 1 തെസ്സ. 4:17—ൽ ഉണ്ടല്ലോ. ഇംഗ്ലീഷിലെ റാപ്ചർ (Rapture) എന്ന പദം റാപ്പിയോ (Rapio) എന്ന ലത്തീൻ പദത്തിൽനിന്നു ഭവിച്ചു.

റാപ്പിയോ = ബലം ഉപയോഗിച്ചു് എടുത്തുകൊണ്ടുപോക; തട്ടിപ്പറിച്ചുകൊണ്ടുപോക, Snatch up quickly;

Carry away. "എടുക്കപ്പെടും" (Shall be caught up) എന്നു 1 തെസ്സ. 4:17—ലെ ആശയവും കൃത്യം ഇതുതന്നെ.

താഴെ കുറിക്കുന്ന ഇടങ്ങളിൽ ഈ പദം ഉപയോഗിച്ചിരിക്കുന്നു:—

1) പ്രവൃ. 8:38–39. കർത്താവിൻെറ ആത്മാവു ഫിലിപ്പോസിനെ എടുത്തുകൊണ്ടുപോയി.

2) 2 കൊരി. 12:2–4. പൌലോസു മൂന്നാംസ്വർഗ്ഗത്തോളം എടുക്കപ്പെട്ടു.

ഇതേ അർത്ഥംതരുന്ന മറെറാരു ഗ്രീക്കുപദമാണു ഹർപാസോ (harpazo). അതിൻെറ പ്രയോഗവും സൂക്ഷിക്കുക:—

3) മത്താ. 13:19. ദുഷ്ടൻ വന്നു ഹൃദയത്തിൽ വീണ വിത്തു് എടുത്തുകളയുന്നു.

4) യോഹ. 10:12. ചെന്നായ് ആടുകളെ പിടിക്കയും ചിന്നിച്ചുകളകയും ചെയ്യുന്നു.

5) യോഹ. 10:28. ആരും അവയെ എൻെറ കയ്യിൽനിന്നും പിടിച്ചുപറിക്കയില്ല.

6) യൂദാ 23. തീയിൽനിന്നു ചിലരെ വലിച്ചെടുത്തു രക്ഷിപ്പിൻ.

7) യോഹ. 14:3. പിന്നെയുംവന്നു നിങ്ങളെ എൻെറ അടുക്കൽ ചേർത്തുകൊള്ളും.

ഗ്രീക്കിൻെറ ഈ പ്രയോഗങ്ങളിൽനിന്നു് "എടുക്കപ്പെടൽ" അഥവാ "ഉൽപ്രാപണം" എന്നതിൻെറ അർത്ഥം സ്പഷ്ടമല്ലോ. ഇവിടെ സവിശേഷമായ ഒരു വസ്തുത റവ. ഹാരി എച്ചു് മക്കാർതർ എന്ന എഴുത്തുകാരൻ ചൂണ്ടിക്കാണിക്കുന്നു:—യോഹ. 14:3–ൽ 'പിന്നെയുംവന്നു്'

എന്നതിന്ന ശരിയായ അർത്ഥം "പിന്നെയും വന്നു കൂട്ടികൊണ്ടുപോകും" എന്നാണെന്നും, പ്രവൃ. 28:15—ൽ, റോമയിലെ "സഹോദരന്മാർ ത്രിമണ്ഡപവും വരെ ഞങ്ങളെ എതിരേററുവന്നു" എന്നതിലെ പ്രയോഗവും അതുതന്നെ എന്നും ചൂണ്ടിക്കാണിക്കുന്നു.

യഥാർത്ഥത്തിൽ എതിരേൽക്കുന്നതു കർത്താവാണ്.

നാം എതിരേററു കർത്താവിനെ ഭൂമിയിലേക്കു കൊണ്ടുവരികയല്ല. (കർത്താവിനോടുകൂടെ നാം വരും ഭൂമിയിലേക്കു്; അതു് ഏഴു വർഷം കഴിഞ്ഞു, കർത്താവു നമ്മെ കൊണ്ടുപോരുമ്പോഴാണ്). നമ്മെ എതിരേററുകൊണ്ടുപോകാൻ കർത്താവു് (അയറായിൽ) വരുന്ന കാര്യമാണ് യോഹ. 14:3 പറയുന്നതു്. ഇരുമ്പുതരികളെ കാന്തം ശക്തിയോടെ ആകർഷിച്ചു വലിച്ചെടുത്തു് അതിനോടു ചേർക്കുമ്പോലെ നമ്മുടെ രക്ഷകൻ നമ്മെ ഉയരത്തിലേക്കു് എടുത്തു തന്നോടു ചേർത്തുകൊള്ളും.

## 3. ഉൽപ്രാപണമർമ്മം വെളിപ്പെടുത്തിയതു് ആരു്? എപ്പോൾ?

സഭാവസ്തുത മൊത്തമായും പഴയനിയമപ്രവാചകന്മാർക്കു മറയ്ക്കപ്പെട്ടിരുന്നു. "എങ്കിലും ഇപ്പോഴോ തൻെറ വിശുദ്ധന്മാർക്കു വെളിപ്പെട്ടിരിക്കുന്നു. അവരോടു ജാതികളുടെ ഇടയിൽ ഈ മർമ്മത്തിൻെറ മഹിമാധനം എന്തെന്നറിയിപ്പാൻ" ഇന്നു ദൈവഹിതമായി (കൊലോ. 1:24–27). റോമ. 16:25–26; 1 കൊരി. 2:7; എഫെ. 3:5 ഇവയും ഒത്തുവരുന്നു. യഹൂദജാതിയെ ഒരുവശത്തു മാററി യഹൂദരും യവനരുമായ ഒരു സംഘത്തെ വിളിച്ചു വേർതിരിച്ചു. "മഹത്വത്തിൻെറ പ്രത്യാശയായ ക്രിസ്തു അവരിൽ വസിക്കുന്നു" എന്നതത്രേ മർമ്മം. ഈ മാർമ്മികസഭയുടെ ഒരു മാർമ്മികവസ്തുതയത്രേ ഉൽപ്രാപണത്തിൽ മരിക്കാ

തെ ഒരു കൂട്ടം വിശ്വാസികൾ സ്വർഗ്ഗത്തിൽ എത്തും എന്നത്. "ഞാൻ ഒരു മർമ്മം നിങ്ങളോട് പറയാം; നാം എല്ലാവരും നിദ്രകൊള്ളുകയില്ല ......നാം എല്ലാവരും രൂപാന്തരപ്പെടും.......മരിച്ചവർ അക്ഷയരായി ഉയിർക്കയും നാം രൂപാന്തരം പ്രാപിക്കയും ചെയ്യും (1 കൊരി. 15:51).

a) <u>പഴയനിയമത്തിൽ.</u> പരോക്ഷമായിട്ടാണെങ്കിലും, ഉൽപ്രാപണത്തിനു ദൃഷ്ടാന്തങ്ങളെന്നു ഗ്രഹിക്കാവുന്ന ചില സംഭവങ്ങൾ പഴയനിയമത്തിലുണ്ട്. പുതിയ നിയമപ്രകാശത്തിലൂടെ നിരീക്ഷണം ചെയ്താലേ അവ ദൃഷ്ടിഗോചരമാവൂ:–

1) ദൈവത്തോടുകൂടെ നടന്ന ഹാനോക്ക മുന്നറിയിപ്പുകൂടാതെ എടുക്കപ്പെട്ടു. ദുഷ്ടലോകത്തിൽനിന്നു ക്രിസ്തുഭക്തന്മാരെ വിളിച്ചുദൈവത്തിങ്കലേയ്ക്കു ചേർക്കുന്നതിന്റെ ഒരു ചിത്രം ഇതിലുണ്ട്.

2) നശിപ്പിക്കപ്പെടുവാൻ പോകുന്ന സോദോമിൽനിന്നു ലോത്തിനേയും കുടുംബത്തേയും വിളിച്ചിറക്കിവിട്ടതു്, മഹോപദ്രവവിനാശത്തിൽനിന്നു സഭാകാന്തയെ ഉയരത്തിലേയ്ക്കു് എടുത്തുകൊള്ളുന്നതിന്റെ ഒരു ഉത്തമദൃഷ്ടാന്തമത്രേ.

3) തന്റെ പുത്രനും അവകാശിയുമായ യിസഹാക്കിനു് ഒരു ഭാര്യയെ അന്വേഷിപ്പാൻ അബ്രാഹാമിനാൽ അയയ്ക്കപ്പെട്ട എലിയേസറും, കറയും ചുളുക്കവുമില്ലാതെ ക്രിസ്തുവിന്റെ മുമ്പാകെ തേജസ്സോടെ മണവാട്ടിയാകുന്ന സഭയെ ഒരുക്കിനിറുത്തുന്ന പരിശുദ്ധാത്മാവും നിഴലും പൊരുളും അത്രേ. അതുപോലെ വഴിമദ്ധ്യേവരെ വന്നു മണവാട്ടിയെഎതിരേററു മാതൃഭവനത്തിലേയ്ക്കു കൊണ്ടുപോകുന്ന ഇസഹാക്കും മദ്ധ്യാകാശത്തിൽ വന്നു സഭാകാന്തയെ എതിരേററു് എടുത്തുകൊണ്ടുപോകുന്ന കാന്തനായ ക്രിസ്തുവും എത്ര മനോഹരമായി പൊരുത്തപ്പെടുന്നു!

b) പുതിയ നിയമത്തിൽ. രക്ഷകനും ഗുരുവുമായ ക്രിസ്തുതന്നെയാണ് ആദ്യം ഉൽപ്രാപണ രഹസ്യം വെളിപ്പെടുത്തിയത്.

യോഹ. 14:1—3:—"നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്....എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്...... ഞാൻ നിങ്ങൾക്ക സ്ഥലം ഒരുക്കവാൻപോകുന്നു....ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും." 14:18, 19; 16: 16, 17.

14:27, 28:—"ഞാൻ പോകയും നിങ്ങളുടെ അടുക്കൽ മടങ്ങിവരികയും ചെയ്യും."

17:13:—"ഇപ്പോഴോ ഞാൻ നിന്റെ അടുക്കൽ വരുന്നു; ... ...ഞാൻ അവർക്ക് നിന്റെ വചനം കൊടുത്തിരിക്കുന്നു."

17:24:—"പിതാവേ, നീ എനിക്ക തന്ന മഹത്വം, നീ എനിക്ക തന്നിട്ടുള്ളവർ കാണേണ്ടതിനു ഞാൻ ഇരിക്കുന്ന ഇടത്തു് അവരും എന്നോടുകൂടെ ഇരിക്കേണം എന്നു ഞാൻ ഇച്ഛിക്കുന്നു."

പിതാവിന്റെ അടുത്തു തന്നോടുകൂടെ നമ്മേയും ചേർത്ത് ഇരുത്തും എന്ന വാക്കുകൊടുക്കൽ പുതരിയായിരുന്നു. ആകുലഹൃദയരായ ശിഷ്യവൃന്ദം പിതൃസന്നിധിയിൽ സ്വർഗ്ഗത്തിലുള്ള, ഒരു അനന്തരവാസത്തിലേയ്ക്കു തലപൊക്കി നോക്കിപ്പാർക്കാനും ധൈര്യംപ്രാപിപ്പാനും ഇടയായി.

c) വിശദാംശങ്ങൾ ശിഷ്യന്മാർക്ക്. കർത്താവു താൻ പറഞ്ഞതിലും കൂടുതൽ വിവരങ്ങൾ ശിഷ്യന്മാർക്ക് അ

പ്പോസ്തല, പ്രവചനവരങ്ങളിൽക്കൂടെ വെളിപ്പെടുത്തിക്കൊടുത്തു.

ഉൽപ്രാപണപരിപാടി :— ഇതു സുവ്യക്തം അവതരിപ്പിക്കുന്ന രണ്ടു പ്രധാന വേദഭാഗങ്ങളുണ്ട് :—

i) 1 കൊരി. 15:22–54:— "ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും; ഓരോരുത്തരും താന്താൻെറ നിരയിൽ (പ്രകാരത്തിൽ) അത്രേ. ആദ്യഫലം ക്രിസ്തു. പിന്നെ ക്രിസ്തുവിനുള്ളവർ അവൻെറ വരവിങ്കൽ... പിന്നെ അവസാനത്തെ ....ദ്രവത്വത്തിൽ വിതയ്ക്കപ്പെടുന്നു, അദ്രവത്വത്തിൽ ഉയിർക്കുന്നു....നാം മണ്ണുകൊണ്ടുള്ളവൻെറ പ്രതിമ ധരിച്ചതുപോലെ സ്വർഗ്ഗീയൻെറ പ്രതിമയും ധരിക്കും.

നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമയ്ക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും. മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും".

ii) 1 തെസ്സ. 4:13–17:— "....കർത്താവിൻെറ പ്രത്യക്ഷതവരെ ജീവനോടെ ശേഷിക്കുന്നവരായ നാം നിദ്രകൊണ്ടവർക്കു മുമ്പാകയില്ല എന്നു ഞങ്ങൾ കർത്താവിൻെറ വചനത്താൽ നിങ്ങളോടു പറയുന്നു. കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതൻെറ ശബ്ദത്തോടും ദൈവത്തിൻെറ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയുംചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു് ഒരുമിച്ചു് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും...".

a) കർത്താവു സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങും; കർത്താവിൻെറ ഗംഭീരനാദം ധ്വനിക്കും; പ്രധാനദൂതൻെറ ശബ്ദം കേൾക്കും; ദൈവത്തിൻെറ കാഹളം(അന്ത്യകാഹളം) മുഴങ്ങും.

b) ആകാശത്തിൽ (അയറായിൽ, aera)=മദ്ധ്യാകാശത്തിൽ വരും. ഭൂമിയിലേയ്ക്കല്ല.

c) മരിച്ചവർ ആദ്യമേ ഉയിർക്കും.

d) ജീവനോടെ ശേഷിക്കുന്നവർ രൂപാന്തരപ്പെടും.

e) ഇരുകൂട്ടരും ഒരുമിച്ചു് എടുക്കപ്പെടും.

f) അയറായിൽ നാം കർത്താവിനെ കണ്ടുമുട്ടും (Will meet).

g) കണ്ണിമയ്ക്കുന്നതിനിടയിൽ രൂപാന്തരംഭവിക്കും.

h) ഉൽപ്രാപണം ഭാഗികമല്ല; സഭ ആകമാനം ഉയർത്തപ്പെടും. "നാമെല്ലാവരും", "ക്രിസ്തുവിനുള്ളവർ", "നമ്മെ കോപത്തിന്നല്ല" (1 തെസ്സ. 5:9, 10) എന്നിവയിൽ ഒരുകൂട്ടം വിശ്വാസികളെ ഒഴിച്ചു് എന്നുള്ള സൂചനയില്ല. ആകയാൽ സഭ മുഴുവനായി എടുക്കപ്പെടും.

i) പെട്ടെന്നു് ഏതു നേരത്തും സംഭവിക്കാം. (Imminency).

ക്രിസ്തുവെന്ന രക്ഷാനായകനോടൊപ്പം നാം മരണത്തേയും പിശാചിനേയും ജയിച്ചു ജയാളികളായി ഭൂമിയുടെ അന്തരീക്ഷത്തിൽനിന്നുയരും. നമ്മുടെ പ്രായമുള്ള പലരും മൃതിയടഞ്ഞു മണ്ണിൽചേർന്നിട്ടുണ്ടു്. ആ മൃതന്മാരെ ഭൂമി പ്രസവിക്കും (യെശ. 26:19). അവർ മണ്ണിൽനിന്നെഴുന്നേൽക്കും. ജീവിക്കുന്ന വിശ്വാസികൾ തേജശരീരികളായി മാറും. ഇന്നു ഭൂപ്പരപ്പിൽ ചിതറിക്കിടക്കുന്ന ദൈവജനം അയറായിൽ ഒന്നിച്ചു സമ്മേളിക്കും. "കറ, ചുളുക്കം മുതലായതു് ഒന്നുമില്ലാതെ സഭയെ ശുദ്ധയും നിഷ്കളെ

ങ്കയുമായി തനിക്കുതന്നെ തേജസ്സോടെ മുമ്പിൽ'' നിറുത്തും (എഫെ. 5:27). തേജസ്വിയായ അവരം അന്നു പ്രഭാതനക്ഷത്രംപോലെ മിന്നിത്തിളങ്ങുന്ന സഭാകാന്തനോടു സമാഗമനം പ്രാപിക്കും. ആ പുണ്യപുലരിയെ ആർക്കു വർണ്ണിക്കാം!!

**4) ഉൽപ്രാപണവ്യാപ്തി** (Scope). ഏതെല്ലാം കൂട്ടർ ഉരംപ്പെടും?

a) <u>സഭ</u> :— സഹസ്രാബ്ദാൽപൂർവ്വവാദക്കാർ (Pre-millennialists)—ൽ ചിലർ ആംശിക ഉൽപ്രാപണമേ വിശ്വസിക്കുന്നുള്ളൂ. അവരിൽ വോഗ്ഗ് പറയുന്നതു് ഇപ്രകാരമാണു്:

''ഫിലി. 3:20; തീത്തോ. 2:13; 2 തിമൊ. 4:8; എബ്രാ. 9:28 തുടങ്ങിയ ഭാഗങ്ങളിൽനിന്നു് അവർ ഗ്രഹിക്കുന്നതു്, 'കാത്തിരിക്കുന്നവരും', 'നോക്കിപ്പാർക്കുന്നവരും', 'തന്റെ വരവിൽ പ്രിയംവയ്ക്കുന്നവരും' മാത്രമേ എടുക്കപ്പെടുകയുള്ളു.''

പക്ഷേ, രക്ഷിതഗണത്തിൽ ചിലരെ ഭൂമിയിൽ ഉപേക്ഷിച്ചു് മഹോപദ്രവത്തിൽകൂടെ കടത്തി ലോകത്തോടുകൂടെ ന്യായംവിധിക്കുമെന്നു പറയുന്നതു ദൈവനീതിക്കു ചേരുന്നതല്ല. ആംശികോത്പ്രാപണമല്ല, സമസ്തോത്പ്രാപണമാണു തിരുവചനാനുസരണം എന്നതിനു വളരെ തെളിവുകരം ഉണ്ടു്. ചിലതു നോക്കാം.

i) ആത്മസ്നാനംമൂലം ഏകശരീരമായിത്തീന്ന (1 കൊരി. 12:13) സഭയിലെ ഒരംശം മുറിക്കപ്പെട്ടു രണ്ടായിത്തിരിയുമെന്നും ഒന്നു് ഇവിടെ കൈവിടപ്പെടും എന്നുമുള്ളതു്, സഭൈക്യം എന്ന തത്ത്വത്തിനു വിരോധമാകുന്നു. അതുപോലെ യുക്തിഭംഗമത്രെ സഭാസൗധത്തിന്റെ ഒരു ഭാഗമേ മുകളിലേയ്ക്കു പോകൂ എന്നതും. മണവാട്ടിയെ രണ്ടായി ഭാ

ഗിച്ച മണവാളന്റെ മുമ്പിൽ നിറുത്തും എന്നതും ചിന്ത്യമല്ല.

2) ന്യായപ്രമാണത്താലല്ല, കൃപയാലത്രേ നീതീകരണം എങ്കിൽ, നമ്മുടെ മനസ്സാ വാചാ കർമ്മണാ നൂറു ശതമാനം വിശുദ്ധരായാലേ രക്ഷപ്പെടൂ എന്നു വരുന്നതെങ്ങനെ? "ആകയാൽ പ്രശംസ എവിടെ? അതു പൊയ്പ്പോയി. ഏതു മാർഗ്ഗത്താൽ? കർമ്മമാർഗ്ഗത്താലോ? അല്ല, വിശ്വാസമാർഗ്ഗത്താലത്രേ" (റോമ. 3:27; 4:5, 6) എന്ന വചനത്തിനു കടകവിരുദ്ധമല്ലേ?

3) ആംശിക ഉത്പ്രാപണമേ ഉള്ളുവെങ്കിൽ, ആംശിക പുനരുത്ഥാനവും രൂപാന്തരവുമേ ഉള്ളുവെന്നും വരും; "നാം എല്ലാവരും രൂപാന്തരപ്പെടും" (1 കൊരി. 15:51, 52). "ദൈവം നിദ്രകൊണ്ടവരേയും വരുത്തും" (1 തെസ്സ. 4:14) എന്ന വചനങ്ങളെ വ്യാജമാക്കുകയാണ്. "ചിലരെ" എന്നു് ഇവിടെ കാണുന്നില്ല.

4) വിശ്വസ്തരായി സേവനം നടത്തിയതും, നടത്താഞ്ഞതും രക്ഷയെയല്ല, പ്രതിഫലത്തെയത്രേ ബാധിക്കുന്നതു്, "അങ്കംപൊരുന്നവൻ ഒക്കെയും സകലത്തിലും വർജ്ജനം ആചരിക്കുന്നു. അതോ, അവർ വാടുന്ന കിരീടവും നാമോ വാടാത്തതും പ്രാപിക്കേണ്ടതിന്നുതന്നെ." (1 കൊരി. 9:25). 1 തെസ്സ. 2:19; 1 പത്രോ. 5:4; വെളി. 2:10 മുതലായവയും നോക്കുക. ഉത്പ്രാപണം പ്രതിഫലമായല്ല നൽകുന്നതു്; അതു രക്ഷയുടെ പൂർത്തിയത്രേ (1 പത്രോ. 1:4). "ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വം" ആണ്, റോമ. 8:23.

5) ലൂ. 21:36–നെ അധികരിച്ചു്, സംഭവിപ്പാനുള്ള മഹാകഷ്ടത്തെ ഒഴിഞ്ഞുപോകാനും മനുഷ്യപുത്രന്റെ മുമ്പിൽ നില്പാനും നിങ്ങൾ പ്രാപ്തരാകേണ്ടതിനു് സദാകാലവും

ഉണർന്നും പ്രാർത്ഥിച്ചുംകൊണ്ടിരുന്നില്ലെങ്കിൽ ഉൽപ്രാപണം പ്രാപിക്കയില്ലെന്നും വാദിക്കാറുണ്ട്. പക്ഷേ, അത് യിസ്രായേലിനോടുള്ള ദൂതാണ്. ഒലിവുമലപ്രഭാഷണത്തിന്റെ ഭാഗമാണ്.

6) 1 തെസ്സ. 5:6 തീ. 2:13–ൽ "ഉറങ്ങാതെ ഉണർന്നും, സുബോധമായുമിരിക്ക" "തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടും കാത്തുകൊണ്ട്" എന്നു പറയുന്നത്,

എല്ലാ വിശ്വാസികളും കാത്തിരിക്കുന്നവരാകയാലും ജാഗ്രതയിൽ ഏറ്റക്കുറവുകൾ വന്നാൽ പ്രവർത്തനങ്ങളെ ബാധിക്കുമെന്നതിനാലും തൻമൂലം പ്രതിഫലങ്ങൾക്ക് ഏറ്റക്കുറച്ചിൽ ഉണ്ടാകുമെന്നതിനാലും അത്രേ. അല്ലാതെ കാത്തിരുന്നില്ലെങ്കിൽ ഉൽപ്രാപണം പ്രാപിക്കയില്ലായെന്നല്ല.

7) മത്താ. 24:41–42. "നിങ്ങളുടെ കർത്താവ് ഏതു ദിവസം വരുമെന്നു നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ." ഇതും രണ്ടാംവരവിനു മുമ്പെ ഒരുങ്ങാൻ യഹൂദന്മാർക്ക് ഉപദേശം നൽകുകയാണ്. ഒലിവുമല പ്രഭാഷണഭാഗമാണ്. ഒരുത്തനേയും ഒരുത്തിയേയും എടുക്കുന്നത്, ന്യായവിധിക്കായി എടുത്തുമാറ്റുന്നതും, മറ്റവനെ (ളെ) വിട്ടേക്കുന്നത് സഹസ്രാബ്ദത്തിലേക്കു പ്രവേശിപ്പിക്കാനുമാകുന്നു. സാധാരണ ചിന്തിക്കുന്നതുപോലെ ഇവിടത്തെ എടുക്കൽ ഉൽപ്രാപണവും ഉപേക്ഷിക്കുന്നതു ന്യായവിധിക്കായുമല്ല.

[ഇത് ഒരു പ്രവചനവിഷയമാകയാൽ അതിന്റെ നിറവേറൽ സഭയ്ക്കും യോജിക്കും. മദ്ധ്യാകാശവരവിങ്കൽ മേലോട്ടു വിശ്വാസികളെ എടുക്കും. തേജസ്സിന്റെ പ്രത്യക്ഷതയിങ്കൽ സഹസ്രാബ്ദവാഴ്ചയിലേക്ക് എടുക്കും.

Y. E.]

9) എബ്രാ. 9:28. "തനിക്കായി കാത്തുനിൽക്കുന്നവരുടെ രക്ഷയ്ക്കായി അവൻ രണ്ടാമത്തു പ്രത്യക്ഷനാകും". ഇതിന്റെ അർത്ഥം, വിശ്വാസികൾ കാത്തിരിക്കുന്നവരാകയാൽ അവർക്കായി എന്നാണ്. കർത്താവിനെ കാത്തിരിക്കുന്നവരാണു വിശ്വാസികളെന്നു ഫിലി. 3:20-ലും തീ. 2:13-ലും പറയുന്നു.

"ദൈവം നമ്മെ കോപത്തിന്നല്ല, നാം ഉണർന്നിരുന്നാലും, ഉറങ്ങിയാലും തന്നോടുകൂടെ ജീവിക്കേണ്ടതിനു" (1 തെസ്സ. 5:9, 10) എന്ന വാഗ്ദത്തം നമുക്കുള്ളതിനാൽ പ്രത്യാശാഭരിതരായി ജീവിക്കാം. പുനരുത്ഥാനം നാമെല്ലാവരുടേയും അവകാശമത്രേ. ഉണർന്നിരുന്നു വിശ്വസ്തരായി തിരുസേവയിൽ ജാഗരിച്ചു പ്രതിഫലം വർദ്ധിപ്പിക്കാം.

## b) പഴയനിയമ വിശ്വാസികൾ

ഉൽപ്രാപണവേളയിലെ പുനരുത്ഥാനത്തിൽ പഴയനിയമഭക്തന്മാർ പുനരുത്ഥാനം പ്രാപിക്കുമോ? അതോ അവർ മണ്ണിൽ ഉറങ്ങിക്കിടക്കയേ ഉള്ളോ? ഉള്ളെങ്കിൽ അവരുടെ പുനരുത്ഥാനം പിന്നെ എപ്പോഴാം സംഭവിക്കും? ഇതു് ഒരു വിവാദവിഷയമായിട്ടുണ്ടു്.

ക്രിസ്തുവിനു മുമ്പുള്ള ഭക്തന്മാരുടെ പുനരുത്ഥാനം, 1 കൊരി.15:23-ലെ പുനരുത്ഥാനനിരകളിലെങ്ങും എടുത്തു പറഞ്ഞിട്ടില്ലായ്കയാലാണു സംശയം.

## ക്രിസ്തുവിൽ എല്ലാവരും ഉയിർക്കും

1. ആദ്യഫലം ക്രിസ്തു. 1 കൊരി. 15:23; കൊലോ. 1:18.

2. പിന്നെ ക്രിസ്തുവിന്നുള്ളവർ അവന്റെ വരവിങ്കൽ. 1 കൊരി. 15:23.

3. പിന്നെ അവസാനത്തെ (പുനരുത്ഥാനം) അല്ലെങ്കിൽ യുഗങ്ങളുടെ അവസാനം എന്നും എടുക്കാം.

ഇവയിൽ ഏതു പററത്തിലാണു പഴയനിയമഭക്തരുടെ പുനരുത്ഥാനമെന്നു തെളിച്ചു പറഞ്ഞിട്ടില്ല. രണ്ടു ചിന്താഗതി പ്രബലമായി ഉന്നയിച്ചുപോരുന്നു:—

a) "ക്രിസ്തുവിനുള്ളവർ" എന്ന രണ്ടാംപററത്തിൽ യിസ്രായേല്യം ഉൾപ്പെടുമെന്നു ചിലർ കരുതുന്നു. അതിന് അവർ കാണുന്ന ന്യായങ്ങൾ:—

i) 1തെസ്സ. 4–ൽ സഭയും യിസ്രായേല്യം ഉണ്ട്. കാരണം ദൈവത്തിൻെറ കാഹളം സഭയ്ക്കായും പ്രധാന ദൂതൻെറ ശബ്ദം യിസ്രായേലിന്നും ആയിട്ടാണ്. [അതു് എഴുതപ്പെട്ടിട്ടില്ല; അനുമാനമാണ്. Y.E.]

ii) യിസ്രായേലിൻെറ വീണ്ടെടുപ്പും ക്രിസ്തുവിൻെറ രക്ഷാകര പ്രവൃത്തിയിൽ അധിഷ്ഠിതമായിരിക്കുന്നതിനാൽ അവരും ക്രിസ്തുവിനുള്ളവരത്രേ.

iii) ദാനി. 12:2–3–ൽ യിസ്രായേലിൻെറ അക്ഷരീയ പുനരുത്ഥാനമല്ല, ജാതിയായി അവരെ പുനഃസംഘടിപ്പിക്കുന്ന സംഭവമാണു പ്രവചിച്ചിരിക്കുന്നതു്. [1–ാം വാക്യം അവരുടെ മഹാപീഡനകാലത്തെ രക്ഷയാണ്. രണ്ടും മൂന്നും വാക്യങ്ങൾ പൊതു പ്രസ്താവനയാണ്. ഉയിർപ്പിനെക്കുറിച്ചുള്ള വെളിപ്പാടാണ്. Y. E.]

iv) വെളിപ്പാടിലെ 24 മൂപ്പന്മാരിൽ യിസ്രായേലിൻെറയും സഭയുടെയും മൂപ്പന്മാരെ പ്രതിനിധികളായി കാണേണ്ടതാണ്.

v) ദാനി. 12:1–3; യെശ. 26:19–20 അനുസരിച്ച് 70–ാം ആഴ്ചവട്ടത്തിൻെറ അന്ത്യത്തിൽ മഹോപദ്രവ നിഹതന്മാരുടെ കൂട്ടത്തിൽ യിസ്രായേലിൻെറ പുനരുത്ഥാനം വയ്യാമായിരുന്നു. പക്ഷേ വെളി. 20:3–5–ൽ യിസ്രായേ

ലിലെ പഴയനിയമഭക്തന്മാരെപ്പററി ഒന്നും പറഞ്ഞിട്ടില്ല. ആകയാൽ അവരും മദ്ധ്യാകാശവരവിങ്കൽ ഉയിർക്കും.

b) മുമ്പറഞ്ഞതിനെ വിരോധിക്കുന്നവരുടെ വാദം :–

i) ദൂതന്മാരുടെ സേവനം യിസ്രായേലിനുമാത്രമല്ല, വെളിപ്പാടിൽ ലോകത്തിന്മേൽ ന്യായവിധി ചൊരിയുന്നിടത്തും മററും കാണുന്നു.

ii) ക്രിസ്തുവിൻെറ രക്തത്തിൻെറ ആധാരത്തിലാണു യിസ്രായേലിൻെറ രക്ഷ സ്ഥിതിചെയ്യുന്നതു്, എന്നിരുന്നാലും സഭാശരീരം സൃഷ്ടിക്കുന്ന പരിശുദ്ധാത്മസ്നാനം അവർക്കില്ല [പരിശുദ്ധാത്മസ്നാനം ഇല്ലെന്നതിനാൽ ഉയിർത്തുകൂടാ എന്നതിനു തെളിവെന്തു്? എബ്രാ. 11:40 നോക്കുക. Y. E.]

iii) വെളിപ്പാടിലെ 24 മൂപ്പന്മാർ സഭയെ മാത്രമെ പ്രതിനിധീകരിക്കുന്നുള്ളു [അതിനുള്ള ന്യായം എന്താണു്? Y. E.]

iv) ദാനി. 12–ലെ യിസ്രായേലിൻെറ പുനരുത്ഥാനം ആക്ഷരികമല്ല, ആലങ്കാരികമാണു് എന്ന നിലപാടു് ആക്ഷരികവ്യാഖ്യാനം എന്ന ബഹുസമ്മതിയുള്ള വ്യാഖ്യാനരീതിക്കുവിപരീതമാണു്. ആക്ഷരികമായ പുനരുത്ഥാനം അവിടെ സമ്മതിച്ചാൽ യിസ്രായേലിൻെറ പുനരുത്ഥാനം ഉൽപ്രാപണസമയത്തിലല്ല, മഹോപദ്രവശേഷമേ ഉണ്ടായിരിക്കൂ. [അതു് എന്തിനാണു്? ദാനി :12 :1–ലെ സംഭവം കഴിഞ്ഞിട്ടാണു് 2–ാംവാക്യത്തിൽ പറയുന്ന പുനരുത്ഥാനം നടക്കുകയുള്ളു എന്നു പറയുവാൻ അവിടെ ഒരു സൂചനയും ഇല്ല. സമയത്തെ കാണിക്കുന്ന യാതൊരു പദവും വെച്ചിട്ടില്ലല്ലൊ. നിത്യനിന്ദയ്ക്കായുള്ള ഉയിർപ്പു് ഒന്നാംപുനരുത്ഥാനത്തിൽ നടക്കും എന്നു പുതിയനി

യമവെളിപ്പാടില്ല. നിത്യനിന്ദയ്ക്കുള്ള ഉയിർപ്പ് വെള്ള സിംഹാസനത്തിൻമുമ്പിലുള്ള ഉയിർപ്പെന്നല്ലാതെ മറെറാന്നായി വിചാരിക്കുവാൻ സാദ്ധ്യമല്ല. ആകയാൽ 2-ാം വാക്യം പുനരുത്ഥാനത്തെക്കുറിച്ചുള്ള പൊതുവായ വെളിപ്പാടെന്നേയുള്ളു. യിസ്രായേലിൻേറതു പ്രത്യേകിച്ചു വെളിപ്പെടുത്തുകയല്ല. 3-ാംവാക്യത്തിലെ പ്രസ്താവന എല്ലാക്കാലത്തുമുള്ള സകലവിശുദ്ധന്മാർക്കും യോജിക്കും. ആകയാൽ ദാനി. 12:2,3 ഇവ പുനരുത്ഥാനത്തെയും ന്യായവിധികളെയും കുറിച്ചുള്ള പൊതുപ്രസ്താവനയെന്നതിനു സംശയമില്ല. Y.E.]

v) പുനരുത്ഥാനം കൊടുത്തു് യിസ്രായേലിനോടു് ഇടപെടുന്നതിനുമുമ്പു്, സഭ എന്ന മാർമ്മിക വസ്തുവിനെ രംഗത്തുനിന്നു മാറേറണ്ടതാകുന്നു. [ജീവനോടിരിക്കുന്ന യിസ്രായേൽ ജാതിയോടു് ദൈവം ഇടപെടുന്നതും, യിസ്രായേലിലെ മരിച്ചവരെ ഉയിർപ്പിക്കുന്നതും രണ്ടു കാര്യമാണു്. പഴയനിയമഭക്തന്മാരുടെ പുനരുത്ഥാനത്തെക്കുറിച്ചു വ്യക്തമായിപ്പറയുന്ന ഭാഗം എബ്രാ. 11:40 ആണു്. അവിടെ നമുക്കും അവർക്കും ഒരുമിച്ചാണു രക്ഷാപൂർത്തിയാകുന്ന ഉയിർപ്പ് എന്നു പറയുന്നു. എബ്രാ. 11:35-40. മരിച്ച യിസ്രായേല്യഭക്തന്മാരും പഴയനിയമഭക്തന്മാരാകയാൽ അവരുടെ ഉയിർപ്പും നമ്മോടുകൂടെ നടക്കേണ്ടതാണു്. Y.E.]

vi) ദാനി. 12:1, 2-ൽ "ആ കാലത്തു്", "അന്നു്" എന്ന പ്രയോഗങ്ങളാൽ 70-ാം ആഴ്ചവട്ടത്തിൻെറ അന്ത്യത്തിൻെറ "കഷ്ടകാല"ത്തിൻെറ അന്ത്യത്തിൽ, യിസ്രായേലിൻെറ ഉദ്ധാരണവും പുനരുത്ഥാനവും നടക്കുമെന്നു കാണുന്നു. [കഷ്ടകാലത്തിൻെറ അന്ത്യകാലത്താണു പുനരുത്ഥാനം എന്നു് അവിടെ ഒരു പദവും സൂചിപ്പിക്കുന്നില്ല.

കഷ്ടകാലത്തെ രക്ഷയെക്കുറിച്ചുമാത്രമെ ഒന്നാംവാക്യത്തിൽ പറഞ്ഞിട്ടുള്ളു. അതുകഴിഞ്ഞാണ് ഉയിർപ്പ് എന്നു രണ്ടാംവാക്യത്തിൽ പറഞ്ഞിട്ടില്ല. Y. E.]

vii) യെശ. 26:19, 20-ൽ "ക്രോധം കടന്നുപോകുവോളം അല്പനേരത്തേയ്ക്കു് ഒളിച്ചിരിക്ക" എന്നും അതിനുശേഷം ഭൂമി പ്രേതന്മാരെ പ്രസവിക്കു"മെന്നും കാണുന്നു. [ഈ പ്രസ്താവന മുൻപിൻ നോക്കാതുള്ളതാകയാൽ സർവ്വാബദ്ധമാണ്. 26:19-ൽ 'നിന്റെ മൃതന്മാർ എന്റെ ശവങ്ങളോടുകൂടെ എഴുന്നേൽക്കും' എന്നു് ഇംഗ്ലീഷിൽ കാണുന്നു. നിന്റെ മൃതന്മാർ എന്നതു് യെശയ്യാവിന്റെ ജനമായ യിസ്രായേലിലെ മരിച്ചവർ എന്നാണ്. എന്റെ ശവങ്ങൾ എന്നു ദൈവം പറയുന്നതു് മററു സകല വിശുദ്ധന്മാരെയും ഉൾക്കൊള്ളിച്ചുകൊണ്ടാണ്. ആദാംമുതൽ യിസ്രായേലായ യാക്കോബുവരെയുള്ള സകല ഭക്തന്മാരും പെന്തെക്കോസ്തുമുതൽ മദ്ധ്യാകാശവരവുവരെ മരിച്ചിട്ടുള്ള സകല വിശ്വാസികളും ഉൾക്കൊള്ളുന്നു. എല്ലാവരും ഒരുമിച്ചു് ഉയിർക്കും എന്നു പറയുന്നു.

അറകളിൽ ഒളിച്ചിരിക്കുവാൻ പറയുന്നതു് ആ വിഷയമേയല്ല. അതു് പല ഘട്ടങ്ങളിൽ നിറവേറുന്ന ഒരു പ്രവചനമാണ്. ചില നിറവേറലുകൾ നോക്കുക.

a) നാം മദ്ധ്യാകാശത്തിലേയ്ക്കു് ഉയരുന്നതു ക്രോധമായ മഹാപീഡനകാലം മുഴുവൻ മാറിയിരിക്കുവാൻതന്നെയാണ്.

b) യിസ്രായേലിൽ ഒരുകൂട്ടർ സർപ്പത്തോടകലെ ഓടി അറബിയാപെട്രായിൽ ഒളിച്ചിരിക്കുന്നതു് (വെളി. 12:6, 14) അടുത്ത നിറവേറലാണ്.

c) ഭൂമി തീകൊണ്ടു ചുട്ടഴിക്കപ്പെടുമ്പോൾ സഹസ്രാബ്ദാന്ത്യനീതിമാന്മാർക്കു കൊടുക്കുന്ന സംരക്ഷണം അന്തിമമായ നിറവേറൽ ആയിരിക്കും.

cont.. part 2